12581
29/6/18

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - മലയാറ്റൂർ ഡിവിഷൻ - കാലടി റെയിഞ്ച് - 1951 പാണ്ടുപാറ തേക്ക് തോട്ടത്തിലെ ഫൈനൽ ഫെല്ലിംഗ് ജോലിയിലെ ക്രമക്കേടുകൾ - ശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട് (റിട്ട.) ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 2961/17 കേസിലെ 20.12.2017 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.298/2018/വനം തീയതി, തിരുവനന്തപുരം, 25.06.2018

---

പരാമർശം:- 1) 09.04.2014 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (വിജിലൻസ്) വിഇ 1-6832/2014 നമ്പർ കത്ത്

2) 09.02.2016 ലെ 4968/എ 1/2014/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) 13.04.2016 തീയതിയായി ശ്രീ.പി.മുരളീധരൻ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, 28.04.2016 തീയതിയായി ശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട്, 02.11.2016 തീയതിയായി ശ്രീ.ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

4) 18.03.2017 ലെ സ.ഉ.(സാധാ.) നം.94/17/വനം ഉത്തരവ്.

5) ശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട് (റിട്ട.) ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 2961/17 നമ്പർ കേസിലെ 20.12.2017 ലെ വിധിന്യായം.

6) 17.05.2018 തീയതിയായി കോട്ടയം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടറും അന്വേഷണാധികാരിയുമായ ശ്രീ.ജോർജ്.പി.മാത്തച്ചൻ, ഐ.എഫ്.എസിന്റെ അന്വേഷണ റിപ്പോർട്ട്.

7) 19.05.2018 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-16209/14 നമ്പർ കത്ത്.

## ഉത്തരവ്

മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിലെ കണ്ണിമംഗലം സ്റ്റേഷൻ പരിധിയിൽപ്പെട്ട 1951 തേക്ക് തോട്ടത്തിലെ ക്ലിയർ ഫെല്ലിംഗ് ജോലികളിലെ

ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പാണ്ടുപ്പാറ വന സംരക്ഷണ സമിതി ബഹു.വനം വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്), അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. പ്രസ്തുത അന്വേഷണത്തിൽ സർക്കാരിലേയ്ക്ക് സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുകയും കൺവീനർമാർക്കും മറ്റും അനധികൃത സാമ്പത്തിക ലാഭം ഉണ്ടാക്കാൻ ഇടയാവുകയും ചെയ്തതിന് 16 ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും ടി ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) ശുപാർശ ചെയ്യുകയും ചെയ്തു.

2) ഇവരിൽ സർവ്വശ്രീ.ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, കെ.ഒ.സേവി, സീനിയർ സൂപ്രണ്ട് എന്നിവർക്ക് സർക്കാർ തലത്തിൽ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു. വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.പി.ശശീന്ദ്രന് കാരണം കാണിക്കൽ നോട്ടീസും നൽകി.

3) കുറ്റാരോപിതർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലാത്തതിനാലും ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും കുറ്റാരോപിതർക്ക് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം നൽകുന്നതിന്റെ ഭാഗമായും പരാമർശം (4) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

4) ഈ വിഷയത്തിൽ അച്ചടക്ക നടപടി നേരിടുന്ന ശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട് (റിട്ട.) ഫയൽ ചെയ്ത ഒ.എ.(ഇകെഎം) 2961/17 കേസിന്റെ പരാമർശം (5) പ്രകാരമുള്ള വിധി പ്രകാരം രണ്ട് മാസത്തിനുള്ളിൽ ശ്രീ.കെ.ഒ.സേവിയ്ക്കെതിരെയുള്ള ഔപചാരിക അന്വേഷണം പൂർത്തിയാക്കുന്നതിനും തുടർന്ന് ഒരു മാസത്തിനകം ടിയാന്റെ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനും അതിനുശേഷം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ വിട്ടു നൽകുന്നതിനും ഉത്തരവായി.

5) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (6) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം ലഭ്യമാക്കി.

6) ശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട് (റിട്ട.), ശ്രീ.പി.മുരളീധരൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.) എന്നിവർക്കെതിരായ ചാർജ്ജുകളും ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകളും ചുവടെ ചേർക്കുന്നു:

<u>ചാർജ്ജ് 1 :-</u> 1951 പാണ്ടുപാറ തോട്ടത്തിന്റെ ഫൈനൽ ഫെല്ലിംഗ് ജോലിയ്ക്കായി കാലടി റെയിഞ്ചാഫീസർ സമർപ്പിച്ച എസ്റ്റിമേറ്റ് ശരിയാംവണ്ണം പരിശോധിക്കാതെ

അതേപടി തന്നെ മേലധികാരിക്ക് പാസ്സാക്കുന്നതിനായി സമർപ്പിക്കുകവഴി സർക്കാരിന് ഭീമമായ നഷ്ടം സംഭവിക്കുകയും കൺവീനർക്ക് അനധികൃതമായി സാമ്പത്തിക നേട്ടം ഉണ്ടാകുവാൻ അവസരം നൽകുകയും ചെയ്തു.

ചാർജ്ജ് 2:- മേൽപ്പറഞ്ഞവ മൂലം സർക്കാരിനുണ്ടായ 5,32,401/- രൂപയുടെ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 43,432/- രൂപയ്ക്ക് ടിയാൻ ഉത്തരവാദിയാണ്.

ചാർജ്ജ്3:- മേൽ കൃത്യങ്ങൾ വഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

സർവ്വശ്രീ.കെ.ഒ.സേവി, പി.മുരളീധരൻ എന്നിവർ മലയാറ്റൂർ ഡിവിഷനിൽ യഥാക്രമം 17.12.2012, 31.01.2013 എന്നീ തീയതികളിലാണ് ജൂനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ചാർജ്ജെടുക്കുന്നത്. ആദ്യ അടങ്കൽ സമർപ്പിക്കുമ്പോൾ ടിയാന്മാർ മേൽ ഓഫീസിൽ ജോലി ചെയ്തിരുന്നില്ല എന്നതിനാൽ വോള്യം കൃത്യമായി കണക്കാക്കി മാർക്കിംഗ് ലിസ്റ്റ് ലഭ്യമാക്കി അടങ്കൽ സമർപ്പിച്ചില്ല എന്ന ആരോപണം നിലനിൽക്കില്ല. പുതുക്കിയ അടങ്കലിൽ ഡിപ്പോയിലേക്കുള്ള ദൂരം തെറ്റായി കാണിച്ചത് ചൂണ്ടിക്കാണിച്ചില്ല എന്ന ഉത്തരവാദിത്വം ഓഫീസ് സ്റ്റാഫിന് ഇല്ല എന്നതിനാൽ ഒന്നാമത്തെ ചാർജ്ജ് തെളിയിക്കപ്പെട്ടിട്ടില്ല. ഒന്നാമത്തെ ചാർജ്ജ് തെളിഞ്ഞിട്ടില്ലാത്തതിനാലും സർക്കാർ നഷ്ടം ഉണ്ടായതായി തെളിഞ്ഞിട്ടില്ലാത്തതിനാലും ചാർജ്ജ് 2, 3 നിലനിൽക്കുന്നില്ല.

7) അന്വേഷണ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (7) പ്രകാരം അറിയിച്ചു.

8) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 1951 പാണ്ടുപാറ തേക്ക് തോട്ടത്തിന്റെ ഫൈനൽ ഫെല്ലിംഗ് സംബന്ധിച്ച എസ്റ്റിമേറ്റ് ശരിയായി പരിശോധിക്കാതെ മേലധികാരികൾക്ക് സമർപ്പിച്ചതു വഴി സർക്കാർ നഷ്ടം ഉണ്ടാക്കി എന്നതാണ് സർവ്വശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട് (റിട്ട.), പി.മുരളീധരൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.) എന്നിവർക്കെതിരെയുള്ള ചാർജ്ജുകൾ. എന്നാൽ ഈ വിഷയത്തിലെ ആദ്യ എസ്റ്റിമേറ്റ് സമർപ്പിക്കുമ്പോൾ ഇവർ പ്രസ്തുത ഓഫീസിൽ ജോലി ചെയ്തിട്ടില്ലാത്തതിനാൽ, ഉത്തരവാദികൾ ആകുന്നില്ലെന്നും, കുറ്റങ്ങൾ നിലനിൽക്കുന്നതല്ലെന്നും ഔപചാരികാന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ള സാഹചര്യത്തിൽ സർവ്വശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട്(റിട്ട.), പി.മുരളീധരൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(റിട്ട.) എന്നിവരെ കുറ്റവിമുക്തരാക്കി, പരാമർശം (5) ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9) സർവ്വശ്രീ.ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, എം.പി.ശശീന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിൽ തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട് (റിട്ട.)
ശ്രീ.പി.മുരളീധരൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.).
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ